



# 2025 – 26 അക്കാദമിക
# മാസ്റ്റർ പ്ലാൻ



ജിഎച്ച്എസ്എസ്, പെരിന്തൽമണ്ണ

# സ്കൂൾ വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | റവന്യു ജില്ല | : | മലപ്പുറം |
| 2. | സ്കൂൾ കോഡ് | : | 18058 |
| 3. | സ്കൂളിന്റെ പേര് | : | ജി.എച്ച്.എസ്.എസ്, പെരിന്തൽമണ്ണ |
| 4. | മേൽവിലാസം | : | പെരിന്തൽമണ്ണ (പി.ഒ. പെരിന്തൽമണ്ണ) |
| 5. | പിൻകോഡ് | : | 679322 |
| 6. | ഫോൺ നമ്പർ | : | 04933 226085 |
| 7. | ഇ-മെയിൽ | : | ghssperinthalmanna@gmail.com |
| 8. | മുനിസിപ്പാലിറ്റി | : | പെരിന്തൽമണ്ണ |
| 9. | വിദ്യാഭ്യാസ ജില്ല | : | മലപ്പുറം |
| 10. | സബ്ജില്ല | : | പെരിന്തൽമണ്ണ |
| 11. | ക്ലാസുകൾ | : | 5 മുതൽ 12 വരെ |
| 12. | മാനേജ്മെന്റ് | : | ഗവൺമെന്റ് |
| 13. | പഠന മാധ്യമം | : | മലയാളം & ഇംഗ്ലീഷ് |

# ആമുഖം

മലപ്പുറം ജില്ലയുടെ കിഴക്ക് അറ്റത്തായി സ്ഥിതിചെയ്യുന്ന പെരിന്തൽമണ്ണ നഗരസഭയിലാണ് ജി.എച്ച്.എസ്.എസ് പെരിന്തൽമണ്ണ പാഠ്യപാഠ്യേതര രംഗത്ത് ഗുണാത്മകവും ക്രിയാത്മകവുമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സംസ്ഥാനതലത്തിൽ വിവിധ സ്കോളർഷിപ്പ് മത്സര പരീക്ഷകളിൽ മികവാർന്ന വിജയം കാഴ്ചവെക്കുന്നു. ഹയർ സെക്കന്ററി തലത്തിലും മികച്ച വിജയം നില നിർത്താൻ കഴിയുന്നു എന്നത് എടുത്തു പറയേണ്ടതാണ്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യം ഒരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് ഓരോരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ തന്നെ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടിഎ യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, നഗരസഭ തുടങ്ങിയവയുടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്തുവാൻ കഴിയുന്നു, കൂടാതെ ഹരിത ഭംഗിയാർന്ന, ജൈവ

സമ്പന്നതയിൽ അലംകൃതമായ സ്കൂൾ ക്യാമ്പസ് ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖ മുദ്രയാണ്.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങൾ ആയി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ

പൊതുവിദ്യാഭ്യാസത്തിന്റെ മികവുകൾ സമൂഹമധ്യത്തിൽ എത്തിക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ ലക്ഷ്യങ്ങൾ കൂടി സാക്ഷാത്കരിക്കുന്ന 'ദിശാ'പ്രവർത്തനങ്ങൾ ആയി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മാറുമെന്നും പ്രതീക്ഷിക്കാം

## സ്കൂൾ ചരിത്രം

പെരിന്തൽമണ്ണയുടെ ചരിത്രത്തോളം തന്നെ പഴക്കവുമായി തലയുയർത്തി നിൽക്കുന്ന നിരവധി മഹാരഥന്മാർക്ക് അക്ഷരം പകർന്ന മഹത്തായ പാരമ്പര്യമുള്ള സ്കൂളാണ് ഗവ: ഹയർസെക്കണ്ടറി.

1865-ൽ റെയ്റ്റ് സ്കൂളായിട്ടാണ് ഇന്നത്തെ ഹൈസ്കൂൾ ആരംഭിച്ചത് അന്ന് അങ്ങാടിപ്പുറം സ്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നത്. പിന്നീടാണ് പെരിന്തൽമണ്ണ സ്ഥാനം പിടിച്ചത്. താലൂക്ക് ബോർഡിന്റെ കീഴിലായിരുന്ന സ്കൂൾ ആരംഭിച്ചത് ഇപ്പോഴത്തെ പെരിന്തൽമണ്ണ ജംഗ്ഷനിൽ നിന്നും ഒരു ഫർലോങ്ങ് പടിഞ്ഞാറുള്ള "അല്ലി പട്ടാണിയുടെ വാടക കെട്ടിടത്തിലായിരുന്നു. പിന്നീട് താലൂക്ക് ആശുപത്രി ഇപ്പോഴുള്ള സ്ഥലത്തേക്ക് മാറ്റിയപ്പോൾ മുമ്പ് ആശുപത്രി പ്രവർത്തിച്ചിരുന്ന ഇപ്പോഴത്തെ മാർക്കറ്റിന്റെ മുൻഭാഗത്തെ കെട്ടിടത്തിലേക്ക് മാറ്റി. പിന്നീടിത് സെൻട്രൽ സ്കൂളായി മാറിയ സമയത്താണ് നിലവിലുള്ള സ്ഥലത്തേക്ക് സ്കൂൾ മാറ്റി സ്ഥാപിച്ചത് 1917 ൽ ലോവർ സെക്കന്ററി സ്കൂളായും 1918 ൽ ഹൈസ്കൂളായും ഉയർത്തി. 1921 മാർച്ചിൽ ആദ്യത്തെ എസ്.എസ്. എൽ.സി ബാച്ച് പുറത്തിറങ്ങി. ഹൈസ്കൂളായതോടെ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലായി.

ഡിസ്ട്രിക്ട് ബോർഡ് സ്കൂളുകൾ സർക്കാർ ഏറ്റെടുത്തതോടെ 1957 ഒക്ടോബർ 1 മുതൽ ഇത് പെരിന്തൽമണ്ണ ഗവ: ഹൈസ്കൂളായി മാറി. 1915 ൽ സുവർണ്ണ ജൂബിലിയും 1940 ൽ വജ്ര ജൂബിലിയും ആഘോഷിച്ച സ്കൂളിന്റെ ശതാബ്ദി ആഘോഷം 7 വർഷം വൈകി 1972 ലാണ് നടത്തിയത്.

സ്കൂളിന്റെ കെട്ടിടങ്ങളെല്ലാം വിവിധ ഘട്ടങ്ങളിൽ ഗവ: സഹായം, രക്ഷിതാക്കളുടെ സംഭാവന, പൂർവ്വ വിദ്യാർത്ഥികളുടെ സംഭാവന

എന്നിവയിലൂടെ പൂർത്തീകരിച്ചതായിരുന്നു. 1991 ൽ സ്കൂളിന് വൊക്കേഷണൽ ഹയർ സെക്കന്ററി ലഭിച്ചു. 1997 ൽ ഹയർ സെക്കന്ററി കൂടി ലഭിച്ചതോടെ സ്കൂൾ ഗവഃ ഹയർ സെക്കന്ററി സ്കൂളായി മാറി. 1998 ൽ സ്കൂളിന്റെ പഴയ കെട്ടിടങ്ങളിൽ ഒരു ഭാഗം ഗേൾസ് ഹയർ സെക്കന്ററിക്കായി വിട്ടുകൊടുത്തു. 1997 ൽ ജനകീയാസൂത്രണം വന്നതോടെ സ്കൂളിന്റെ നിയന്ത്രണം നഗരസഭയിൽ നിക്ഷിപ്തമായി. ഇതോടെ ഭൗതിക സൗകര്യങ്ങളിലും, കെട്ടിടത്തിലും മികച്ച നേട്ടം കൈവരിക്കാനുമായി.

കഴിഞ്ഞ 150 വർഷത്തെ മഹത്തായ സേവന കാലയളവിൽ ഈ ഈ അക്ഷരമുറ്റത്തുനിന്നു വിദ്യ നുകർന്നു പതിനായിരക്കണക്കിന് പൂർവ്വ വിദ്യാർത്ഥികളുടെ വലിയൊരു സമ്പത്ത് സ്കൂളിനുണ്ട്. കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി ഇ.എം.എസ്, വി.ടി. ഭട്ടതിരിപ്പാട്, സി. ശങ്കരൻ നായർ, ചെറുകാട്, മങ്കട രവി വർമ്മ, കെ.കെ മുഹമ്മദ് ഷാഫി തുടങ്ങി അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ എത്രയോ മഹാന്മാർ ഇവിടെ നിന്നും വിദ്യ നേടി.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & SS
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണയം
20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ

# GHSS PERINTHALMANNA ACADEMIC MASTER PLAN

## PHYSICAL SCIENCE 2025-26

## മേഖല – ഹൈസ്കൂൾ – സയൻസ്

പേര് : ശാസ്ത്രലാബ് നവീകരിക്കൽ
മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനംതിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | - - |

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രപോഷണ പരിപാടി
മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | 10000/- (എസ്.എസ്.ജി.) |

# GHSS PERINTHALMANNA

## അക്കാഡമിക് മാസ്റ്റർ പ്ലാൻ അറബിക് 2025-26

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br>കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം.<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കഥകൾ,കവിതകൾ, ചിത്രകഥകൾ.........<br>വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **എഴുത്ത്** | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.<br>ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും. | സെപ്റ്റംബർ-നവംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ |
| എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | നവംബർ-ഡിസംബർ | | സ്പോൺസർഷിപ്പ് |
| **അറിവിൻ തിളക്കം**<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു.അതിൽ നിന്ന് ശരിയുത്തരം | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്, ലാപ്ടോപ്പ് | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |

| GHSS PERINTHALMANNA | | | | | |
|---|---|---|---|---|---|
| ACADEMIC MASTER PLAN- ENGLISH(HS) | | | | | |
| SL NO | OBJECTIVES | ACTIVITIES | PERIOD | RESPONSIBILITY | FUND |
| 1 | ENABLE THE STUDENTS COMMUNICATE WELL IN ENGLISH | ENGLISH ASSEMBLY<br>ENGLISH NOTICE BOARD<br>PUBLIC SPEAKING | ONCE IN A MONTH<br>ACADEMIC YEAR | ENGLISH TEACHERS | ENGLISH CLUB |
| 2 | GIVE AMBLE OPPORTUNITY FOR CREATIVE EXPLORATIONS | FILM FEST<br>ROLE PLAY<br>SCRIPT WRITING<br>SEMINAR<br>CHOREOGRAPHING POEMS | SATURDAYS<br>ALONG WITH CLASS ROOM ACTIVITIES | ENGLISH TEACHERS<br>PTA<br>SRG | ENGLISH CLUB<br>PTA |
| 3 | EXTENSIVE READING<br>CREATIVE WRITING | ENGLISH NEWS<br>READING CORNER<br>DISPLAY THE POEMS<br>STORIES OF PUPIL<br>NEWS READING IN ASSEMBLY | ACADEMIC YEAR | ENGLISH TEACHERS<br>ENGLISH CLUB | LIBRARIAN<br>ENGLISH CLUB |
| 4 | DRAMATISATION | FINDING APPROPRIATE CONTENT FROM TEXT AND PRESENTING<br>ROLE PLAYS | TWICE IN AN ACADEMIC YEAR | ENGLISH TEACHERS<br>ENGLISH CLUB | ENGLISH CLUB<br>PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര ലാബ് സജ്ജമാക്കൽ | Map, Globe, Weather Instruments, Seasmograph, സൗരയൂഥ മാതൃക, എന്നിവ ക്രമീകരിക്കുക. Atlas, Soil types, Rock types | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |
| സാമൂഹ്യ ശാസ്ത്ര ബോർഡ് | പ്രധാന വാർത്തകൾ ഉൾക്കൊള്ളുന്ന ന്യൂസ് പേപ്പർ കട്ടിംഗ്സ് , കുട്ടികളുടെ കൃതികൾ, Map, കൊളാഷ്, പോസ്റ്റർ, എന്നിവ പ്രദർശിപ്പിക്കൽ | ആഴ്ച്ചയിൽ ക്രമീകരിക്കുക | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |
| സാമൂഹ്യ ശാസ്ത്ര പ്രതിഭകളെ കണ്ടെത്തൽ | ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ പ്രതിഭകളെ കണ്ടെത്തി പിന്തുണയും പ്രോത്സാഹനവും നൽകുക | മാസത്തിലൊരിക്കൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |
| പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തൽ | പഠന പ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്നവർക്ക് ലളിതമായ പഠനോപകരണങ്ങളിലൂടെയും ICT യുടെ സഹായത്തോടെയും പിന്തുണ പ്രവർത്തനങ്ങൾ നൽകുക | ക്ലാസ്സ് സമയത്ത് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |
| സാമൂഹ്യ/ജനാധിപത്യമൂല്യ ബോധം വളർത്തൽ | സെമിനാർ, സംവാദം പ്രസംഗം, ചർച്ച, തെരഞ്ഞെടുപ്പ്, പത്രവായന, സ്കിറ്റ് | മാസത്തിൽ ഒരിക്കൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |
| സാമൂഹ്യ ശാസ്ത്ര ദിനാചരണങ്ങൾ | ക്വിസ്, പ്രസംഗം, യുദ്ധവിരുദ്ധറാലി, പോസ്റ്റർ നിർമ്മാണം, കൊളാഷ് നിർമ്മാണം | ബന്ധപ്പെട്ട ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

GHSS പെരിന്തൽമണ്ണ

മാസ്റ്റർ പ്ലാൻ ഗണിതം HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1.ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയപെട്ടിയുടെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 3.ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പിടിഎ | പിടിഎ |

# മലയാളം അക്കാദമിക് വാർഷികാസൂത്രണം 2025 - 2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിഭവങ്ങൾ |
|---|---|---|---|---|
| അക്ഷരജ്ഞാലകം<br>എഴുത്ത്, വായന എന്നിവയിലെ പോരായ്മ പരിഹരിക്കൽ | എട്ട്, ഒമ്പത്, പത്ത് ക്ലാസുകളിലെ എഴുതാനും വായിക്കാനും ബുദ്ധിമുട്ടുള്ള കുട്ടികളെ കണ്ടെത്തി, പരിഹാരബോധനം നടത്തുക | ജൂൺ<br>ജൂലൈ | എസ്. ആർ. ജി<br>മലയാളം<br>കുട്ടി ടീച്ചർ | വിദ്യാലയം |
| വാക്കൊരുക്കം<br>സർഗാത്മക ശേഷിയും വായനാഭിരുചിയും വളർത്തുക | പുസ്തക പരിചയം, വായനാക്കുറിപ്പ് മത്സരം, വായനാനുഭവം പങ്കുവയ്ക്കൽ<br>വീട്ടിലൊരു ലൈബ്രറി | ജൂൺ 19 മുതൽ<br>ജൂലൈ 19 വരെ | വിദ്യാരംഗം<br>പി.ടി.എ | പിടിഎ |
| കവിതാശില്പശാല<br>കവിത രുചിക്കുവാനും, ആസ്വാദനക്കുറിപ്പ് തയ്യാറാക്കാനും | എട്ട്, ഒമ്പത്, പത്ത് ക്ലാസുകളിലെ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി ഏകദിനശില്പശാല സംഘടിപ്പിക്കൽ | ജൂലൈ | എസ്. ആർ. ജി<br>മലയാളം | വിദ്യാലയം |

## ഉപസംഹാരം

പെരിന്തൽമണ്ണ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായി 'ദിശാ'ബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സർവ്വാത്മകമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. ഗുണമേന്മ വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമികമാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസം ഞങ്ങൾക്കുണ്ട്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയും എന്ന ഉത്തമ വിശ്വാസവും ഞങ്ങൾക്ക് ഉണ്ട്.